2. ശുദ്ധജല സംഭരണി

3. ട്രാൻസ്ഫോർമർ

4. പമ്പ്സെറ്റ് സ്ഥാപിക്കൽ

(സി) മോട്ടോർ, പമ്പ്സെറ്റ് ഒഴിച്ച് മറ്റുള്ളവയുടെ കരാർ ഒപ്പിട്ട് പമ്പ് സെറ്റ് വാങ്ങുന്നതിന് ഡിവിഷൻ ഓഫീസിൽ ടെണ്ടർ ക്ഷണിച്ച് പരിശോധിച്ചു വരുന്നു.

(ഡി) ഓർഡർ നൽകിയിട്ടില്ല. ടെണ്ടർ പരിശോധനയിലാണ്.

(ഇ) 6/2011-ൽ പണി പൂർത്തിയാക്കി കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

മുത്താന്തറ വാട്ടർ ടാങ്ക് നിർമ്മാണം

74 (2172) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കേരള വാട്ടർ അതോറിറ്റിയുടെ പാലക്കാട് ഡിവിഷനുകീഴിലെ മുത്താന്തറ വാട്ടർ ടാങ്കിന്റെ നിർമ്മാണം ആരംഭിച്ചത് എന്നാണ് എന്നറിയിക്കുമോ ;

(ബി) ടാങ്കിന്റെ നിർമ്മാണം പൂർത്തിയാക്കാനുണ്ടാകുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ടാങ്കിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം നൽകുമോ ;

(ഡി) മുത്താന്തറ വാട്ടർ ടാങ്ക് നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ടി ടാങ്കിൽ പ്രവൃത്തിക്കുള്ള കരാർ 6-2-2006-ന് കരാറുകാരനുമായി എഗ്രിമെന്റ് വയ്ക്കുകയും 22-6-2006-ന് കരാറുകാരൻ പണി ആരംഭിക്കുകയും ചെയ്തു.

(ബി) കരാറുകാരന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയും ടാങ്കിൽ അധികമായി രണ്ട് നിലകൾ നിർമ്മിച്ചതിനാലും ടാങ്ക് നിർമ്മാണത്തിനാവശ്യമായ നല്ലയിനം മണൽ സമയത്തിന് ലഭിക്കാത്തതും കാലതാമസത്തിന് കാരണമായി.

(സി) ടാങ്കിന്റെ ബെയ്സ് സ്ലാബിന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഇനി ടാങ്കിന്റെ സൈഡ് ഭിത്തിയും കവർ സ്ലാബും പൂർത്തീകരിക്കാനുണ്ട്. പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

(ഡി) ടാങ്കിന്റെ നിർമ്മാണം 31-3-2011-ൽ പൂർത്തീകരിക്കാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly